സ്വീകരിച്ചുവരുന്നു. കൊച്ചിയിൽ ഒരു സ്പെഷ്യൽ തഹസീൽദാരുടെ കീഴിൽ ഉള്ള ലാന്റ് കൺസർവൻസി യൂണിറ്റ് നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡിൻകീഴിലുള്ള സ്പെഷ്യൽ തഹസീൽദാരുടെ ലാന്റ് കൺസർവൻസി യൂണിറ്റ് കയ്യേറ്റങ്ങൾ ഒഴിപ്പിച്ചുവരുന്നു. ഗുരുവായൂരിൽ കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടർ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു.

"അദ്ധ്യാപക നിയമനത്തിൽ സംവരണം"

205 (6124) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യത്തിന് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദേവസ്വം ബോർഡുകൾക്ക് കീഴിൽ നിലവിൽ എത്ര കോളേജുകൾ ഉണ്ടെന്നും അവിടങ്ങളിലെ അദ്ധ്യാപക നിമയനത്തിൽ സംവരണതത്വം നിലവിലുണ്ടോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ 5 കോളേജുകളും കൊച്ചി ദേവസ്വം ബോർഡിനുകീഴിൽ 2 കോളേജുകളും ഗുരുവായൂർ ദേവസ്വത്തിനു കീഴിൽ ഒരു കോളേജുമാണ് നിലവിലുള്ളത്. ഈ കോളേജുകളിൽ അദ്ധ്യാപക നിയമനത്തിന് സംവരണതത്വം നിലവിലില്ല.

"ദേവസ്വം ബോർഡിന്റെ മെഡിക്കൽ കോളേജ്"

206 (6125) ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച നടപടികൾ എന്തായി എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ മെഡിക്കൽ കോളേജ് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ആഭിമുഖ്യത്തിൽ പത്തനംതിട്ട ജില്ലയിൽ ഭാവിയിൽ മെഡിക്കൽ കോളേജായി ഉയർത്താവുന്ന തരത്തിലുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ആരംഭിക്കുന്നതിലേക്കുള്ള പ്രാരംഭ നടപടിയായി അനുയോജ്യമായ ഭൂമി കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനായി ഒരു പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റ് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ ദേവസ്വം കമ്മീഷണറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ആശുപത്രി എന്ന് പ്രവർത്തനം ആരംഭിക്കുമെന്ന് ഈ ഘട്ടത്തിൽ കൃത്യമായി പറയാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly